(എ) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര വകുപ്പ് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.

വിനോദസഞ്ചാര വികസനം

295(996) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) ടൂറിസം രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെ; വ്യക്തമാക്കുമോ;*

(സി) ടൂറിസം വികസനരംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഒരു കർമ്മപദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിശദമായ റിപ്പോർട്ട് യഥാക്രമം അനുബന്ധം 'എ', 'ബി' എന്നിവയിൽ ചേർത്തിരിക്കുന്നു.*

(സി) പ്രതിസന്ധികൾ വരുന്ന മുറയ്ക്ക് തരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly